**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1460** | **08-12-2022 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ വി കെ പ്രശാന്ത്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; പാഠ്യ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന ഘടകങ്ങൾ ഏതൊക്കെയാണ്; പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ; | (എ) | കേരളത്തിൽ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാന സ്കൂൾ കരിക്കുലം കമ്മിറ്റിയുടേയും കോർ കമ്മിറ്റിയുടെയും സംയുക്ത യോഗം 2022 ജൂൺ 16 ന് ചേർന്ന് തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും അതിൻ പ്രകാരം പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ മുന്നേറുകയാണ്. 26 മേഖലകളെ ഫോക്കസ് മേഖലകളായി തീരുമാനിച്ചുകൊണ്ട് അവയുടെ നിലപാട് രേഖകൾ തയാറാക്കുന്നതിനായി ഫോക്കസ് ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രസ്തുത ഫോക്കസ് മേഖലകൾ ചുവടെ ചേർക്കുന്നു.<br><br>1. വിദ്യാഭ്യാസത്തിന്റെ ദർശനം (വിദ്യാഭ്യാസലക്ഷ്യങ്ങൾ ഉൾപ്പെടെ)<br><br>2. ശൈശവകാല പരിചരണവും വികാസവും<br><br>3. പാഠ്യപദ്ധതിയും ബോധനശാസ്ത്രവും<br><br>4. സാമൂഹ്യശാസ്ത്രവിദ്യാഭ്യാസം<br><br>5. തൊഴിൽ ഉദ്.ഗ്രഥിതവിദ്യാഭ്യാസം<br><br>6. ശാസ്ത്രവിദ്യാഭ്യാസം<br><br>7. കലാവിദ്യാഭ്യാസം<br><br>8. ഗണിതവിദ്യാഭ്യാസവും ഗണനചിന്തയും<br><br>9. ഭാഷാവിദ്യാഭ്യാസം<br><br>10. പരിസ്ഥിതിവിദ്യാഭ്യാസം |

11. ആരോഗ്യ-കായികവിദ്യാഭ്യാസം

12. വിലയിരുത്തൽ സംവിധാനത്തിലെ പരിഷ്കരണവും കുട്ടികളുടെ സമഗ്രപുരോഗതി രേഖയും

13. ഇന്ത്യയെക്കുറിച്ചുള്ള അറിവ്

14. മൂല്യവിദ്യാഭ്യാസം

15. ഉൾച്ചേർന്നവിദ്യാഭ്യാസം

16. ലിംഗനീതിയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം

17. സാങ്കേതികവിദ്യ വിദ്യാഭ്യാസത്തിൽ

18. അധ്യാപകവിദ്യാഭ്യാസം

19. ഗൈഡൻസും കൗൺസലിംഗും വിദ്യാലയങ്ങളിൽ

20. സ്കൂൾഭരണവും നേതൃത്വവും

21. ഗുണമേന്മയുള്ള പഠനസാമഗ്രികളുടെ രൂപീകരണം

22. സ്കൂൾവിദ്യാഭ്യാസവും ഉന്നതവിദ്യാഭ്യാസവും തമ്മിലുള്ള ബന്ധം

23. ബദൽ വിദ്യാഭ്യാസ സംവിധാനങ്ങൾ

24 വിദ്യാഭ്യാസത്തിൽ സമൂഹത്തിന്റെ പങ്ക്

25. മുതിർന്നവരുടെ വിദ്യാഭ്യാസവും തുടർവിദ്യാഭ്യാസവും

26 രക്ഷാകർത്തൃവിദ്യാഭ്യാസം

സ്കൂൾ തലത്തിലും, പഞ്ചായത്ത് തലത്തിലും, ബ്ലോക്ക് തലത്തിലും, ജില്ലാ തലത്തിലും ജനകീയ ചർച്ചകൾ സംഘടിപ്പിച്ച് പാഠ്യപദ്ധതി പരിഷ്കരണത്തിൽ ഉൾപ്പെടുത്താവുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഈ ചർച്ചകളിൽ പാഠ്യപദ്ധതി സംബന്ധിച്ചുള്ള തങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പങ്കുവയ്ക്കാവുന്നതാണ്. കൂടാതെ കേരളത്തിലെ എല്ലാ പൊതുവിദ്യാലയങ്ങളിലും എല്ലാ ക്ലാസുകളിലും കുട്ടികളുടെ ചർച്ചകൾ സംഘടിപ്പിച്ച് അവരുടെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ചു. ലോകത്തിന്റെ ഏത് ഭാഗത്തുള്ള ജനങ്ങൾക്കും പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട തങ്ങളുടെ അഭിപ്രായങ്ങൾ സമർപ്പിക്കത്തക്ക തരത്തിൽ ഒരു ടെക് പ്ലാറ്റ്ഫോമും

| | | | |
|---|---|---|---|
| | | | തയ്യാറാക്കിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ കൂടി സ്വീകരിച്ച് 26 മേഖലകളിൽ നിലപാട് രേഖകൾ രൂപീകരിക്കുന്ന പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ഇവയിൽ നിന്നും ശൈശവകാല വിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം, അധ്യാപക വിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസം എന്നീ നാല് പാഠ്യപദ്ധതി ചട്ടക്കൂടുകൾ രൂപീകരിക്കും. |
| (ബി) | പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി പൊതുസമൂഹത്തിന്റെ വിപുലമായ അഭിപ്രായ രൂപീകരണം സാദ്ധ്യമാക്കുന്നതിന് പ്രത്യേകമായ പ്രവർത്തന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; അഭിപ്രായങ്ങളും നിർദേശങ്ങളും നേരിട്ട് സമർപ്പിക്കാൻ പ്രത്യേകമായ സംവിധാനമേർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി പൊതുസമൂഹത്തിന്റെ അഭിപ്രായ രൂപീകരണത്തിന് വിപുലമായ ചർച്ചകൾ നടന്നുവരികയാണ്. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഈ ചർച്ചകളിൽ പാഠ്യപദ്ധതി സംബന്ധിച്ചുള്ള തങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പങ്കുവയ്ക്കാവുന്നതാണ്. സ്കൂൾ തലത്തിലും, പഞ്ചായത്ത് തലത്തിലും, ബ്ലോക്ക് തലത്തിലും, ജില്ലാ തലത്തിലും ജനകീയ ചർച്ചകൾ സംഘടിപ്പിച്ച് പാഠ്യപദ്ധതി പരിഷ്കരണത്തിൽ ഉൾപ്പെടുത്താവുന്ന നിർദ്ദേശങ്ങൾ സ്വീകരിച്ചുവരുന്നു. ഇതിനായി ഓരോ തലത്തിലും സംഘാടക സമിതികൾ രൂപീകരിച്ച് അവരുടെ നേതൃത്വത്തിലാണ് ചർച്ചകൾ സംഘടിപ്പിക്കപ്പെടുന്നത്. ലോകത്തിന്റെ ഏത് ഭാഗത്തുള്ള ജനങ്ങൾക്കും പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട തങ്ങളുടെ അഭിപ്രായങ്ങൾ നേരിട്ട് സമർപ്പിക്കത്തക്ക തരത്തിൽ ഒരു ടെക് പ്ലാറ്റ്ഫോമും തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ കുട്ടികളെ മാത്രം പങ്കെടുപ്പിച്ചുള്ള പ്രത്യേക ചർച്ചകളും സംഘടിപ്പിച്ചു. തികച്ചും സുതാര്യവും ജനാധിപത്യപരവുമായിട്ടാണ് പാഠ്യപദ്ധതി പ്രവർത്തനങ്ങൾ നടക്കുന്നത്. |
| (സി) | കേരളത്തിന് വിജ്ഞാന സമ്പദ് വ്യവസ്ഥ എന്ന ലക്ഷ്യം കൈവരിക്കുന്നതിനും കാലത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനും പാഠ്യപദ്ധതി പരിഷ്കരണം സഹായകരമാവുമോ; വ്യക്തമാക്കാമോ? | (സി) | നിരന്തരം മാറുന്ന ലോകക്രമത്തിൽ വിദ്യാർഥികൾക്ക് കാലത്തിന്റെ വെല്ലുവിളികളെ ഏറ്റെടുത്തുകൊണ്ട് സുസ്ഥിര വികസനത്തിലും ജീവിത വിജയത്തിനും ഉതകുന്ന തരത്തിലുള്ള പാഠ്യപദ്ധതിയാണ് പരിഷ്കരണത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത്. കേരളത്തെ ഒരു ശാസ്ത്രബോധവും മാനവിക ബോധമുവുള്ള ജ്ഞാന സമൂഹമായി പരിവർത്തിപ്പിക്കുക എന്നതാണ് പാഠ്യപദ്ധതി പരിഷ്കരണം കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ